(ഇ) സംസ്ഥാനത്തെ മറ്റ് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും ഇതുപോലെ ഭക്ഷണ സാധനങ്ങൾ വാങ്ങിയ തുക നല്കാൻ കുടിശ്ശികയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ സംസ്ഥാനത്താകെ എത്ര വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ജി) അവർക്ക് നല്കിവരുന്ന പ്രതിമാസ പോക്കറ്റ്മണി തുകയെത്ര ; ഇപ്പോൾ എത്രമാസത്തെ കുടിശ്ശികയുണ്ട് ; പ്രസ്തുത തുക എപ്പോൾ നല്കും എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അന്തേവാസികൾ ഭക്ഷണം ലഭിക്കാതെ പട്ടിണിയിലായിരുന്നു എന്നത് ശരിയല്ല. നോൺ-വെജിറ്റേറിയൻ ഭക്ഷണം നല്കുന്നതിൽ ഏതാനും ദിവസം വീഴ്ചയുണ്ടായിട്ടുണ്ട്.

(ബി) അന്തേവാസികൾക്ക് നോൺ വെജിറ്റേറിയൻ ഭക്ഷണം നല്കുന്നതിൽ ഏതാനും ദിവസം വീഴ്ചയുണ്ടായത് പരിഹരിച്ചിട്ടുണ്ട്. കൂടാതെ ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം ഹോസ്റ്റലിന്റെ നടത്തിപ്പിനുവേണ്ടി വന്ന തുക കൊടുത്തു തീർത്തു.

(സി) നല്കുവാനുണ്ടായിരുന്ന കുടിശ്ശിക തുക 54,367 രൂപ നല്കിയിട്ടുണ്ട്.

(ഡി) ഫെബ്രുവരി മാസം മുതലുള്ള പോക്കറ്റ്മണി കുടിശ്ശിക നല്കിയിട്ടുണ്ട്.

(ഇ) കുടിശ്ശിക ഉണ്ടായിരുന്നു. അവ കൊടുത്തു തീർത്തു.

(എഫ്) 1002.

(ജി) കോഴ്സിന്റെ അടിസ്ഥാനത്തിൽ 65 മുതൽ 80 രൂപ വരെ പോക്കറ്റ് മണി നല്കുന്നു. ഇപ്പോൾ കുടിശ്ശിക ഇല്ല.

പ്രീ-മെട്രിക് പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ

161 (2440) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര പ്രീ-മെട്രിക് പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുണ്ട് ;

(ബി) ഈ ഹോസ്റ്റലുകളിലൊട്ടാകെ എത്രപേർ താമസിക്കുന്നു ;

(സി) ഇവർ പട്ടിണി കിടക്കേണ്ടതായി വരാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എറണാകുളത്തുള്ള ഒരു പോസ്റ്റുമെട്രിക് ഹോസ്റ്റലിൽ പട്ടിണി കിടക്കേണ്ടതായി വന്ന അന്തേവാസികളെ ജസ്റ്റീസ് കെ. തങ്കപ്പൻ സന്ദർശിക്കുകയും സഹായം നൽകുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഹോസ്റ്റലിൽ കുട്ടികൾക്ക് കൃത്യമായ ഭക്ഷണം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 18 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുണ്ട്. വകുപ്പിന്റെ കീഴിലുണ്ടായിരുന്ന 91 പ്രീ-മെട്രിക് ഹോസ്റ്റലുകൾ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) 3,510.

(സി) ഇല്ല.

(ഡി) ജസ്റ്റിസ് കെ. തങ്കപ്പൻ ഹോസ്റ്റൽ സന്ദർശിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അന്തേവാസികൾ പട്ടിണി കിടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ നിന്നും അരി, പലവ്യഞ്ജനം, പച്ചക്കറി മുതലായവയും എറണാകുളത്ത് ജനറൽ ആശുപത്രിക്കുള്ളിൽ പ്രവർത്തിക്കുന്ന ധന്വന്തരി സർവ്വീസ് സൊസൈറ്റിയിൽ നിന്നും മരുന്ന്, പാൽ എന്നിവയും ക്രഡിറ്റ് ബേസിൽ കിട്ടുന്നതിനുള്ള നടപടികൾ യഥാസമയം എടുത്തിട്ടുള്ളതാണ്. അപ്രകാരം മുടക്കം കൂടാതെ സപ്ലൈ നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. എറണാകുളം പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ ട്രഷറി നിയന്ത്രണംമൂലം കുട്ടികൾക്ക് നോൺ വെജിറ്റേറിയൻ ഭക്ഷണം നൽകുന്നതിന് ഏതാനും ദിവസം വീഴ്ചയുണ്ടായി. ഹോസ്റ്റലിലെ പോരായ്മകളെപ്പറ്റി ചില ദിനപത്രങ്ങളിൽ വാർത്ത വന്നതിനെ തുടർന്ന് ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം ഹോസ്റ്റലിലേക്ക് ഭക്ഷണം മരുന്ന്, പാൽ തുടങ്ങിയവ വാങ്ങിയ കുടിശ്ശിക മുഴുവനായും കൊടുത്തു തീർത്തു. ഭക്ഷണം നൽകുന്നതിൽ ഒട്ടും വീഴ്ച ഉണ്ടാവാതിരിക്കാൻ നടപടി സ്വീകരിച്ചു. ഡിപ്പാർട്ടുമെന്റ് സ്റ്റോറിന് 53,967 രൂപയും പാലും, മരുന്നും വാങ്ങിയ ഇനത്തിൽ യഥാക്രമം 7638 രൂപയും 3534 രൂപയും ധന്വന്തരി സൊസൈറ്റിക്കും കുടിശ്ശികയിനത്തിൽ നൽകുവാനുണ്ടായിരുന്നത് നൽകി കഴിഞ്ഞു. കൂടാതെ നോൺ വെജിറ്റേറിയൻ ഭക്ഷണ സാധനങ്ങൾ ഒരാക്കം പണം കൊടുത്തു വാങ്ങുന്നതിന് 14,000 രൂപ റസിഡന്റ് ട്യൂട്ടറെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് വഴിയുള്ള ഡ്രൈവിംഗ് പരിശീലനം

162 (2441) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുവഴി എത്രപേർക്ക് ഡ്രൈവിംഗ് പരിശീലനം നടത്തിയെന്നതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ മേശപ്പുറത്ത് വയ്ക്കുമോ ; ഇതിനായി എത്രരൂപ ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly